## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5632** 29.07.2015 ന് മറുപടിയ്ക്ക്

## ലഹരി വസ്തുക്കളുടെ അമിത ഉപയോഗവും വ്യാപനവും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ :** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ ഉൾപ്പെടെ ലഹരിക്കായി നിക്കോട്ടിൻ അടങ്ങിയ ച്യൂയിംങ്ഗം പോലുള്ള പുതിയ ലഹരി വസ്തുക്കൾ ഉപയോഗിച്ചു വരുന്നുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി സർക്കാരിന്റെ ക്ലീൻ കാമ്പസ് സെയ്ഫ് കാമ്പസ് പദ്ധതിയുടെ ഭാഗമായി സ്കൂൾ പരിസരങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനു മെതിരെ നിരന്തരം റെയ്ഡുകൾ നടത്തുകയും, സ്കൂൾ പരിസരത്തുള്ള കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ കണ്ടെടുത്ത് COTPA (സിഗററ്റ് ആന്റ് അദർ ടുബാക്കോ പ്രോഡക്റ്റ് ആക്റ്റ്) പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഈ നിയമപ്രകാരം സ്കൂളുകളുടെ 100 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടുള്ളതല്ല. സംസ്ഥാന സർക്കാർ ഇതിനെ 400 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി പുകയില വിൽക്കുന്ന സ്ഥാപനങ്ങളിൽ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പുകയില ഉൽപ്പന്നങ്ങൾ നൽകുന്നതല്ല എന്ന ബോർഡ് കർശനമായും പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഡോക്ടർമാരുടെ വ്യാജകുറിപ്പടികൾ ഉപയോഗിച്ചും അല്ലാതെയും മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വേദന സംഹാരികൾ ഉൾപ്പെടെ വൻതോതിൽ ശേഖരിച്ച് ലഹരിക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നുണ്ടോ; | (ബി) ഡോക്ടർമാരുടെ വ്യാജകുറിപ്പടികൾ ഉപയോഗിച്ചും അല്ലാതെയും മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വേദന സംഹാരികൾ ഉൾപ്പെടെ വൻതോതിൽ ശേഖരിച്ച് ലഹരിക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംശയാസ്പദമായി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളെ രഹസ്യമായി നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) ലഹരിയുടെ പുതിയ പുതിയ മാർഗ്ഗങ്ങൾ ഉപയോഗിച്ചും കഞ്ചാവ് പോലുള്ള ലഹരിവസ്തുക്കളുടെ വ്യാപനം വഴിയും സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്ന സാഹചര്യം തടയുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം ബോധവത്കരണ പരിപാടികൾ സർക്കാർ സംഘടിപ്പിക്കുന്നുണ്ട്? | (സി) സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കുട്ടികൾക്ക് രഹസ്യമായി പരാതികൾ ബോധിപ്പിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്കൂളുകൾതോറും സ്ഥാപിച്ചു വരുന്നു. കൂടാതെ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, ലഹരി വിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും വിതരണം നടത്തിയും, സ്കൂളുകളിൽ സെമിനാറുകൾ, മാജിക് ഷോകൾ, ലഹരിക്കെതിരെയുള്ള ചിത്ര പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചും, പി.ടി.എ, എൻ.സി.സി, സ്കൗട്ട്, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതുകൂടാതെ, സ്കൂൾ അദ്ധ്യാപകർക്കായി 'അതിജീവനം' എന്ന കൈപ്പുസ്തകവും, കുട്ടികൾക്കായി 'ലഹരി നാശം വിതക്കുന്ന ലഹരി' എന്നീ പുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ച് വിതരണം ചെയ്തും ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു.<br><br>സ്കൂൾ ആരോഗ്യപദ്ധതി പ്രകാരം സംസ്ഥാനത്ത് 1200 ഓളം നഴ്സുമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. 2014-2015 അദ്ധ്യയന വർഷം സ്കൂൾ ഹെൽത്ത് പ്രോഗ്രാം വഴി സ്ക്രീൻ ചെയ്ത കുട്ടികളിൽ പാൻ, സിഗരറ്റ്, മദ്യം, മറ്റ് ലഹരി വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നവരെ കണ്ടെത്തി ഇവർക്ക് സ്കൂൾ ഹെൽത്ത് നഴ്സുമാർ മുഖേന സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. കൂടാതെ പ്രത്യേക പരിഗണന വേണ്ടവർക്ക് വിദഗ്ദ്ധ കൗൺസിലർമാരുടെ സേവനവും (സ്കൂൾ അധികൃതരുടെ അനുവാദത്തോടെ) ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യകേരളം പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന കൗമാര ക്ലിനിക്കുകൾ വഴി ഇത്തരത്തിൽ കണ്ടെത്തപ്പെടുന്ന കുട്ടികൾക്ക് വളരെ ഫലപ്രദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**